**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2262** | **20-01-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം പാസഞ്ചർ ഷിപ്പ് ടെർമിനൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. മുകേഷ് | | Shri .Ramachandran Kadannappalli<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഘട്ടത്തിൽ തുറമുഖത്ത് നിന്നും പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി കേരളാ മാരിടൈം ബോർഡ് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സംവിധാനം ആരംഭിക്കുന്ന മുറയ്ക്ക് ശ്രീലങ്കയുമായി ബന്ധിച്ച് പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ച് സ്വകാര്യ ഏജൻസികൾ മാരിടൈം ബോർഡിനെ സമീപിക്കുന്നുണ്ടെന്നും ആയത് മാരിടൈം ബോർഡ് പരിശോധിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. |
| (ബി) | പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിന് ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി-എക്സിറ്റ് പോയിന്റായി കൊല്ലം തുറമുഖത്തെ പ്രഖ്യാപിക്കുന്നതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെട്ട പ്രൊപ്പോസലാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇക്കാര്യം ഏത് ഫയലിലാണ് പരിശോധിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; ഫയൽ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ആരംഭിക്കുന്നതിനുവേണ്ടി താത്കാലികമായി ഒരു കൗണ്ടർ ഒരുക്കിയിട്ടുണ്ട്. കൂടുതൽ കൗണ്ടറുകൾ തുടങ്ങുന്നതിന് 162 ലക്ഷം രൂപ ചെലവിൽ ഗേറ്റ്ഹൗസ് സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. താത്കാലിക സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന് ഇമിഗ്രേഷൻ വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. ആവശ്യമായ തുടർ നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിക്കുന്നുണ്ട്. ഇക്കാര്യം 10429/ഇ2/2014/മതുവ ഫയലിൽ കൈകാര്യം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ